**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1636** **11-09-2023 - ൽ മറുപടിയ്ക്ക്**

**തേഞ്ഞിപ്പാലം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് ഭൂമി നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പാലം വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി വിട്ടു നൽകുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിൽ തേഞ്ഞിപ്പാലം വില്ലേജിൽ ബ്ലോക്ക് 4-ൽ റീസർവ്വേ 53-ൽ പ്പെട്ടതും പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 2.6060 ഹെക്ടർ ഭൂമിയിൽ നിന്നും 8.11 ആർ ഭൂമി വില്ലേജ് ഓഫീസ് നിർമ്മാണത്തിന് അനുവദിക്കുന്നതിന് നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിന് കത്ത് നൽകിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മിഷണറേറ്റിൽ നിലവില്ലുള്ള ഫയലിന്മേൽ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഫയൽ നിലവിലില്ല. സ.ഉ. (പി) നം.31/2018/റവ തീയതി 05.06.2018 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 50 സെന്റ് വരെയും മുൻസിപ്പാലിറ്റി ഏരിയയിൽ 25 സെന്റ് ഭൂമി വരെയും കോർപ്പറേഷൻ പരിധിയിൽ 10 സെന്റ് ഭൂമി വരെയും കൈമാറി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. |
| (സി) | ഭൂമി വിട്ടു നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമായാലുടൻ അടിയന്തിര തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ